"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

സബ് ജയിൽ, മട്ടാഞ്ചേരി
മട്ടാഞ്ചേരി പി.ഒ., കൊച്ചി - 682 002, എറണാകുളം ജില്ല
:04842224493
:sj.mtchr.prisons@kerala.gov.in
തീയതി : 20-02-2024

നം:A-692/2022/SJMy

## ദർഘാസ് പരസ്യം

വിഷയം :- സബ് ജയിൽ മട്ടാഞ്ചേരി - 2024-25 സാമ്പത്തിക വർഷം മട്ടാഞ്ചേരി സബ് ജയിലിൽ പാചക വാതകം വിതരണം ചെയ്യുന്നതിനുള്ള ദർഘാസ് ക്ഷണിക്കുന്നത് സംബന്ധിച്ച്.

സൂചന :- ജയിലാസ്ഥാന കാര്യാലയത്തിൽ നിന്നുള്ള 23.03.2021 തീയതിയിലെ സർക്കുലർ നം.18

**കേരള ജയിൽ വകുപ്പ്**

**സർക്കാർ വിജ്ഞാപനം**

**ദർഘാസ് പരസ്യം**

**സൂചന ഉത്തരവ് പ്രകാരം 2023-24 സാമ്പത്തിക വർഷം മട്ടാഞ്ചേരി സബ് ജയിലിൽ പാചക വാതക വിതരണ ചെയ്യുന്നതിന് ദർഘാസ് ക്ഷണിക്കുവാൻ നിർദ്ദേശിച്ചിരിക്കുകയാണ്. മട്ടാഞ്ചേരി സബ് ജയിലിൽ 2024-25 സാമ്പത്തിക വർഷം ഗാർഹിക സിലിണ്ടർ വിതരണം ചെയ്യുന്നതിന് അംഗീകൃത ഗ്യാസ് ഏജൻസികളിൽ നിന്നും മുദ്രവച്ച ദർഘാസ് ക്ഷണിച്ചുകൊള്ളുന്നു. പ്രതിമാസം 30 ഡൊമസ്റ്റിക് സിലിണ്ടറുകൾ ആവശ്യമായി വരുന്നതാണ്. ദർഘാസിൽ സിലിണ്ടർ ഒന്നിന് ഡിസ്കൗണ്ട് ഇനത്തിൽ നൽകേണ്ട തുക/ ശതമാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്. മുദ്രവെച്ച ദർഘാസ് കവറിന് മുകളിൽ ദർഘാസ് നമ്പരും പേരും എഴുതി സൂപ്രണ്ട് സബ് ജയിൽ , മട്ടാഞ്ചേരി, പിൻ- 682002 എന്ന വിലാസത്തിൽ നൽകേണ്ടതാണ്.**

| | |
|---|---|
| ദർഘാസ് നമ്പർ | A-154/2022/SJMy |
| ദർഘാസ് ഫോമിന്റെ തുക | 500 + 12 % GST |
| ഡ്യൂപ്ലിക്കേറ്റ് ദർഘാസ് ഫോമിന്റെ തുക | 250 + 12 % GST |
| ദർഘാസ് ഫോം ലഭിക്കുന്ന സ്ഥലം | സൂപ്രണ്ട് സബ് ജയിൽ, മട്ടാഞ്ചേരി |
| ദർഘാസ് ഫോം വിതരണം ഉടങ്ങുന്ന തീയതി | 12.02.2024 |
| ദർഘാസ് ഫോം വിൽക്കുന്ന അവസാന തീയതിയും സമയവും | 29.02.2024 പകൽ 3.00 മണിവരെ |
| ദർഘാസ് തുറക്കുന്ന തീയതിയും സമയവും | 27.03.2024 പകൽ 4 മണിക്ക് |
| | 2024 ഏപ്രിൽ 1 മുതൽ 2025 |

| | |
|---|---|
| വിതരണം ചെയ്യുന്നതിനുള്ള കാലാവധി | 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെ |
| അടങ്കൽ തുക | 499999 |

ഏറ്റവും കുറവ് രേഖപ്പെടുത്തിയ ദർഘാസ് ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നുള്ള അംഗീകാരത്തിന് വിധേയമായി ഉറപ്പിച്ച് നൽകുന്നതാണ്. ദർഘാസ് ഫോമിന് നൽകിയ വില യാതൊരു കാരണവശാലും മടക്കി നൽകുന്നതല്ല. ദർഘാസ് ഫോം കൈമാറാൻ പാടുള്ളതല്ല. ദർഘാസ് ഫോം VPP ആയി അയക്കുകയോ ചെക്ക് പോസ്റ്റേജ് സ്റ്റാമ്പ് മുതലായവ ഫോമിന്റെ വിലയായി സ്വീകരിക്കുകയോ ചെയ്യുന്നതല്ല.

<u>നിബന്ധനകൾ</u>

1.പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മട്ടാഞ്ചേരി സബ് ജയിൽ സൂപ്രണ്ട് അവർകളുടെ ടെണ്ടറിലെ വ്യവസ്ഥകൾ കൈപ്പറ്റേണ്ടതും അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തി സമ്മതപത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ ഏല്പിക്കേണ്ടതാണ്.

2. ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നിരത ദ്രവ്യമായി അടങ്കൽ തുകയുടെ 1 % അടക്കേണ്ടതാണ്. നിരദദ്രവ്യം അടച്ചാൽ മാത്രമേ ടെണ്ടറിൽ പങ്കെടുക്കുവാൻ പാടുള്ളൂ. പ്രസ്തുത ടെണ്ടറിൽ വിജയിക്കാത്തവരുടെ നിരദദ്രവ്യം അപ്പോൾ തന്നെ തിരിച്ചുനൽകുന്നതാണ്.

3. ഏറ്റവും കുറവ് തുകക്ക് ടെണ്ടർ വിളിച്ച വ്യക്തി സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. ടെണ്ടർ നടത്തിയ തീയതി മുതൽ 30 ദിവസത്തിനകം ബഹു.ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് ആന്റ് കറക്ഷണൽ സർവ്വീസസ് അവർകളുടെ ഉത്തരവിന് വിധേയമായി ടെണ്ടർ സ്ഥിരപ്പെടുത്തി ഉത്തരവ് നൽകുന്നതാണ്.

4. നിയമപ്രകാരം അധികാരപ്പെടുത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് മറ്റൊരാളെ പ്രതിനിധീകരിച്ച് ടെണ്ടറിൽ പങ്കെടുക്കുവാൻ അനുവാദം ഉണ്ടായിരിക്കുകയുള്ളൂ. അപ്രകാരം നിയമപരമായി അധികാരപ്പെടുത്തൽ അംഗീകരിക്കുന്നതിനോ നിരാകരിക്കുന്നതിനോ ഉള്ള അധികാരം ടെണ്ടർ നടത്തുന്ന ഉദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കും.

5. ടെണ്ടർ നടത്തിപ്പ് , വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടായാൽ ടെണ്ടർ നടത്തുന്ന ബന്ധപ്പെട്ട ഓഫീസറുടെ തീരുമാനം അന്തിമമായിരിക്കും.

6. ടെണ്ടർ പ്രകാരമുള്ള പാചക ഗ്യാസ് വിതരണം ചെയ്ത് ബില്ല് സമർപ്പിക്കുന്ന മുറക്ക് ബില്ലിൽ രേഖപ്പെടുത്തിയ തുക ട്രഷറി മുഖേന സ്ഥാപനത്തിന്റെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതാണ്.

7. ജയിലിൽ നിന്നും ആവശ്യപ്പെടുന്ന എണ്ണത്തിൽ മുടക്കം കൂടാതെ സിലിണ്ടർ ജയിലിൽ എത്തിക്കേണ്ടതാണ്

8 നിരദദ്രവ്യം ദേശസാൽകൃത ബാങ്കിൽ നിന്നും ഡിമാൻഡ് ഡ്രാഫ്റ്റ് ആയി സൂപ്രണ്ട് സബ് ജയിൽ മട്ടാഞ്ചേരി എന്ന പേരിൽ എടുത്ത ടെൻഡറിനൊപ്പം ഹാജരാക്കേണ്ടതാണ് .

ബിജു കെ ബി

സബ് ജയിൽ സൂപ്രണ്ട്

പകർപ്പ് : ബഹു. ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്
ജയിൽ ആസ്ഥാന കാര്യാലയം
തിരുവനന്തപുരം

A-692/2022/SJMy

ca7374

CUSTODY • CORRECTION
REFORMATION • REHABILITATION